LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളുടെ പ്രവർത്തനം

160 (2793) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പഞ്ചായത്തുകളിൽ സ്ഥിരം ജീവനക്കാരുടെ അഭാവം ഉണ്ടാകുന്നുണ്ടോ ;

(സി) ഡ്രൈവർ തസ്തികയിൽ പി.എസ്.സി.-വഴി നിയമനം നടത്തുന്ന എത്ര പഞ്ചായത്തുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ; മറ്റ് പഞ്ചായത്തുകളിൽ തസ്തിക സൃഷ്ടിച്ച് പി.എസ്.സി.-ക്ക് വിടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ഡി) പഞ്ചായത്ത് വകുപ്പിൽ ആകെ എത്ര വാഹനങ്ങൾ ഉണ്ടെന്നും സ്ഥിരം താൽക്കാലിക ഡ്രൈവർമാരുടെ എണ്ണം എത്രയെന്നും ജില്ല തിരിച്ച് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഡ്രൈവർ തസ്തികയിൽ പി.എസ്.സി.- വഴി നിയമനം നടത്തുന്ന എത്ര പഞ്ചായത്തുകളുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. ഡ്രൈവർ തസ്തിക നിലവിലില്ലാത്ത വാഹനമുള്ള ഗ്രാമപഞ്ചായത്തുകളിൽ തസ്തിക സൃഷ്ടിക്കുന്നതിലേയ്ക്ക് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു. തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി തസ്തിക

161 (2794) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ട് ;

(ബി) പ്രസ്തുത തസ്തികയുടെ അഭാവം ഈ പഞ്ചായത്തുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;